# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5003

30-06-2014 ൽ മറുപടിക്ക്

## എക്സൈസ് അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | എ) 18-12-2003 ലെ ജി.ഒ(എം.എസ്)നമ്പർ.194/2003/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 01-01-2004 ന് സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്റർ എന്ന പേരിൽ തൃശ്ശൂർ ജില്ലയിലെ പൂത്തോളിൽ പ്രവർത്തനം ആരംഭിച്ചു. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ള 2.74 ഏക്കർ സ്ഥലത്ത്, 60,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയം പണികഴിപ്പിച്ച്, 07-04-2012 ൽ ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്. പരേഡിനും മറ്റ് കായിക പരിശീലനത്തിനുമായി വിശാലമായ പരേഡ് ഗ്രൗണ്ട് സജ്ജമാക്കി ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നു. ഒരേ സമയം 160 എക്സൈസ് ഉദ്യോഗസ്ഥർക്ക് താമസിച്ച് പരിശീലനം നേടുന്നതിനുള്ള സൗകര്യം അക്കാദമിയിൽ ഉണ്ട്. ഇപ്പോൾ 100 സിവിൽ എക്സൈസ് ഓഫീസർമാർക്ക് കായിക പരിശീലനവും, നിയമപഠന ക്ലാസ്സുകളും, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള 30 എക്സൈസ് ഉദ്യോഗസ്ഥർക്ക് ഐ.എം.ജി. പരിശീലനവും, ബോധവൽക്കരണ പരിശീലനം |

നടത്തുന്ന 30 എക്സൈസ് ഉദ്യോഗസ്ഥർക്കുള്ള ട്രെയിനിങ്ങ് ഓഫ് ട്രെയിനേഴ്സ് പരിശീലനവും നടത്തി വരുന്നു. കൂടാതെ 28 എക്സൈസ് ഡ്രൈവർമാരുടെ 2-ാമത് ബാച്ച് പരിശീലനം 02-07-2014 ന് ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു, കർണ്ണാടക സംസ്ഥാനത്തെ സബ്ഇൻസ്പെക്ടർ ഓഫ് എക്സൈസ് മുതൽ സൂപ്രണ്ട് ഓഫ് എക്സൈസ് വരെ തസ്തികയിലുള്ളവർക്ക് എൻ.ഡി.പി.എസ്, എം&ടി.പി. കേസുകൾ കണ്ടെത്തി കുറ്റപത്രം സമർപ്പിക്കുന്ന വിഷയത്തിൽ 4 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടി 2013-14 വർഷം നടത്തിയിട്ടുള്ളതാണ്. ആകെ 12 ബാച്ചുകളിലായി 240 പേർക്ക് നൽകിയ പ്രസ്തുത പരിശീലന പരിപാടിയിലെ അവസാന ബാച്ചിന്റെ പരിശീലനം 31-01-2014 ന് അവസാനിച്ചിട്ടുള്ളതാണ്.

| | |
|---|---|
| ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) എക്സൈസ് ഡിപ്പാർട്ട്മെന്റിലെ എല്ലാ ഉദ്യോഗസ്ഥരേയും അക്കാദമിക് രീതിയിൽ പരിശീലിപ്പിച്ച്, ബൗദ്ധികവും കായികവുമായ ശേഷി പരിപോഷിപ്പിച്ച് അബ്കാരി നിയമങ്ങളിലും എൻ.ഡി.പി.എസ്, എം&ടി.പി. ആക്ടുകളിലും അനുബന്ധ നിയമങ്ങളിലും പരിജ്ഞാനവും കേസ്സെടുക്കുന്ന നടപടികളിൽ പരിശീലനവും നൽകി അവരെ അച്ചടക്കവും കാര്യശേഷിയും സാമൂഹിക പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥരാക്കി മാറ്റിയെടുക്കലാണ് ടി സ്ഥാപനത്തിന്റെ ലക്ഷ്യം. |
| സി) എല്ലാ എക്സൈസ് ഉദ്യോഗസ്ഥരേയും പരിശീലിപ്പിക്കുന്നതിന് അക്കാദമി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; | സി) തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാഡമി & റിസർച്ച് സെന്ററിൽ, നിലവിൽ 100 സിവിൽ എക്സൈസ് ഓഫീസർമാരുടെ, 90 പ്രവൃത്തി ദിവസം നീണ്ടു നിൽക്കുന്ന പ്രാഥമിക പരിശീലനവും 28 എക്സൈസ് ഡ്രൈവർമാരുടെ |

പരിശീലനവും നടത്തിവരുന്നു. കൂടാതെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തി വരുന്നു. ആയുധ പരിശീലനം നടത്തുന്നതിന് സൗകര്യമില്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്ന) തസ്തികയിലുള്ളവരുടെപരിശീലനം നടത്തിവരുന്നത് നിലവിൽ കേരള പോലീസ് അക്കാഡമിയിലും, പോലീസ് ട്രെയിനിംഗ് കോളേജിലും വച്ചാണ്. എക്സൈസ് സേനയ്ക്ക് ആയുധ പരിശീലനം ഒഴികെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകുന്നതിന് തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിൽ സൗകര്യം ഉണ്ട്. 2014-15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച തുക ഉപയോഗിച്ച് ഈ വർഷം ബെൽ ഓഫ് ആംസ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം ഒരു ആയുധപ്പുര കൂടി സജ്ജമാകുന്നതോടെ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ തസ്തികകളിലുള്ളവരുടെ പരിശീലനവും ഇവിടെ വച്ച് നടത്തുവാൻ കഴിയുന്നതാണ്.

| | |
|---|---|
| ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ